

# ജലത്തിനുവേണ്ടി മരിക്കുന്നവരെക്കുറിച്ച് ജീവിക്കുന്നവരെയും......

മുസ്തഫ ദേശമംഗലം



പ്രകൃതി വിഭവങ്ങളുടെ സൂക്ഷ്മമായ ഉപയോഗം മനുഷ്യൻ ശീലമാക്കിയില്ലെങ്കിൽ .... ജലം എന്ന അമൂല്യ വിഭവം കേവലം പ്രകൃതി വിഭവം മാത്രമായി പരിഗണിക്കുന്നതിൽ നിന്ന് മനുഷ്യൻ മാറിയില്ലെങ്കിൽ ....... ?

ഈ ചോദ്യങ്ങളുടെ അടിസ്ഥാനപരമായ യാഥാർത്ഥ്യത്തിലേക്ക് പ്രേക്ഷകനെ, അല്ലെങ്കിൽ ഈ ഭൂമിയിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ച മനുഷ്യനെ കൂട്ടിക്കൊണ്ടു പോകുന്ന ക്യാമറയും നൃത്തവും ചേർന്ന പെയിന്റിങ്ങാണ് സി.എഫ്. ജോണിന്റെ 'വാൾസ് ഓഫ് മെമ്മറീസ്' എന്ന ഇൻസ്റ്റലേഷൻ ഡോക്യുമെന്ററി സിനിമ.

നഗരവൽക്കരണവും ആഗോളവൽക്കരണവും അന്ധമായ വികസന സങ്കൽപങ്ങളും കുടിവെള്ളത്തിന്റെ ദാരിദ്ര്യം സമ്മാനിച്ച വർത്തമാന കാലത്തിന്റെ ഹൃദയഭേദകമായ ചിത്രങ്ങളാണ് ഈ സിനിമ.

ബാഗ്ലൂരിലെ നാരായണപുര വില്ലേജിൽ ഏതാണ്ടെല്ലാ കിണറുകളും, ജലസ്രോതസ്സുകളും വറ്റി വരണ്ടു കഴിഞ്ഞു. ഗ്രാമീണ ജനതയുടെ ദുരിത നാളുകളാണിത്. ഉദ്ഘോഷിക്കപ്പെടുന്ന വികസനത്തിനും, ചായം തേച്ച ജീവിതങ്ങൾക്കുമപ്പുറം ഈ ജനതക്ക് പ്രത്യാശപോലും അന്യമാകുന്ന ദിനങ്ങൾ വന്നു ചേർന്നിരിക്കുകയാണ്.

കിണറുകളുടെ ആഴവും, ആഴത്തിലെ ഇരുട്ടും ഇവരുടെ ജീവിതത്തിന്റെ ഇരുട്ടും ഭീതിയും തന്നെയാണ്.

വ്യത്യസ്തമായ ഈ പെയിന്റിങ്ങ് സങ്കേതത്തിന്റെ ഛായാഗ്രഹണ സാധ്യത വേദനിപ്പിക്കുന്ന ക്രിയാത്മകത കൂടി സമ്മാനിക്കുന്നുണ്ട് പ്രേക്ഷകന്.

ഒരിറ്റു വെള്ളത്തിനു വേണ്ടിയുള്ള മനുഷ്യന്റെ രോദനം, വെള്ളം നൽകുന്ന ക്രിയാത്മകതയുടെയും സ്പന്ദനങ്ങളുടെയും ജീവിതം, കിണറുകളുടെ ഇരുണ്ട നിലവിളി, വെള്ളത്തിനു വേണ്ടിയുള്ള തുടിപ്പിന്റെ കാത്തിരിപ്പ് ഇങ്ങനെ നിരവധി യാഥാർത്ഥ്യങ്ങളാണ് ഈ ഇൻസ്റ്റലേഷൻ.

“ശുദ്ധജലം കിട്ടാതെ മനുഷ്യൻ മരിച്ചുകൊണ്ടിരിക്കുകയാണ്. ഉള്ള കിണറുകളെല്ലാം വറ്റിപ്പോയി” വെള്ളിയമ്മ എന്ന ഗ്രാമീണ സ്ത്രീക്ക് അനുഭവം കൊണ്ടു മാത്രം പറയാൻ കഴിയുന്ന സത്യമാണിത്.

നാം നമ്മോടു തന്നെ ഈ ചോദ്യം ആവർത്തിക്കേണ്ട കാലമാണിത്. എന്നാണാവോ നാം ഈ അടിസ്ഥാന ചോദ്യത്തിനുവേണ്ടി നാക്കു ചലിപ്പിക്കുക ? എന്നാണാവോ നാം പ്രകൃതി വിഭവങ്ങൾ ആദരവോടെയും ശ്രദ്ധയോടെയും ഉപയോഗിക്കാൻ പഠിക്കുക ? അവകാശ സമരങ്ങൾക്കും, അധികാര വിപ്ലവങ്ങൾക്കും ജീവൻ നൽകുന്ന ജലത്തിനുവേണ്ടി നാം ശബ്ദം ഉയർത്തേണ്ടിയിരിക്കുന്നു. പ്ലാച്ചിമടയിലെ ജനങ്ങളെപ്പോലെ, ശിവഗംഗയിലെ ആദിവാസികളെ പോലെ, ഛത്തിസ്ഘടിലെ ഗ്രാമീണരെ പോലെ ...... നർമ്മദയിലെ ജനങ്ങളെ പോലെ ......

ബാഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ചിത്രകാരനാണ് സി.എഫ്. ജോൺ. ചിത്രകലയും ശില്പനിർമ്മാണവും ജീവിതത്തിന്റെ ചോദ്യങ്ങളിലേക്ക് തിരിച്ചുവിട്ട ഇദ്ദേഹത്തിന്റെ നിരവധി പെയിന്റിങ്ങുകൾ ഇതിനകം ശ്രദ്ധ നേടിക്കഴിഞ്ഞതാണ്.

നൃത്തവും സംഗീതവും പ്രാകൃതി ശബ്ദങ്ങളും ക്യാമറയുടെ കണ്ണിലൂടെ ഉയർത്തുന്ന ചോദ്യങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും 'ഇൻസ്റ്റലേഷൻ' ചിത്രകലാ സങ്കേതമാണ് ജോൺ സുഹൃത്തുക്കളായ ത്രിപുര കശ്യപ്, ടി.എം. അസീസ് എന്നിവർ ചേർന്ന് ഒരുക്കിയിരിക്കുന്നത്.

തൃശൂർ ചേതന മീഡിയാ ഇൻസ്റ്റിറ്റ്യൂട്ട് മൂന്നു ദിവസങ്ങളിലായി സംഘടിപ്പിച്ച ഡോക്യുമെന്ററി ചിത്രങ്ങളുടെ പ്രദർശനത്തിലാണ് 'വാൾസ് ഓഫ് മെമ്മറീസ്' പ്രദർശിപ്പിച്ചത്. ഉച്ചരിക്കപ്പെടുന്ന വാക്കിനേക്കാൾ പതിൻമടങ്ങ് ആത്മഗദങ്ങളും ഗദ്ഗദങ്ങളുമാണ് ഈ ചിത്രം ദ്യോതിപ്പിക്കുന്നത്.



Walls of Memories
Visthar, Doddagubbi Post, Bangalore-562 149.
Ph : 080-8465294/295, email : visthar@vsnl.com